"ഭരണഭാഷ — മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website: www. celsgd.kerala.gov.in

നം. ഡിബി 3/5068/2017/സിഇ/തസ്വഭവ

തീയതി: 20.02.2018

# സർക്കുലർ
(01/Tech/18)

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - 2018 — 2019 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതികൾ നടപ്പിലാക്കുന്നത് — സംബന്ധിച്ച്

2018 — 2019 സാമ്പത്തിക വർഷത്തെ പുതിയ പദ്ധതികൾ 2018 മാർച്ച് 22 — ന് മുൻപായി തയ്യാറാക്കി ഡി.പി.സി അംഗീകാരം വാങ്ങേണ്ടതും ഏപ്രിൽ 1 — ന് തന്നെ നിർവ്വഹണം ആരംഭിക്കേണ്ടതുമാണ്. ഈ സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നതിനാൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കാലതാമസം നേരിടുന്നതാണ്. ആയതിനാൽ ഡി.പി.സി അംഗീകാരത്തിന് Sulekha Software — ലൂടെ പദ്ധതികൾ സമർപ്പിക്കുമ്പോൾ സമയം കുറവുമൂലം detailed estimate തയ്യാറാക്കാൻ സാധിക്കാത്ത പക്ഷം Rough Cost എസ്റ്റിമേറ്റുകൾ തയ്യാറാക്കിയാൽ മതിയാകുന്നതാണ്. സാങ്കേതിക വിഭാഗം ജീവനക്കാരാണ് ടി Rough Cost എസ്റ്റിമേറ്റുകൾ പ്രകാരം പ്രവൃത്തിയുടെ തുക നിശ്ചയിക്കേണ്ടത്. ഡി.പി.സി അംഗീകാരം ലഭ്യമായ ശേഷം നിർവ്വഹണ ഉദ്യോഗസ്ഥർ വിശദമായ എസ്റ്റിമേറ്റ് PRICE Software — ൽ തയ്യാറാക്കേണ്ടതാണ്. ആയത് സാങ്കേതികാനുമതിക്കും, പദ്ധതികളുടെ അംഗീകാരത്തിനുമായി (വെറ്റിംഗ്) മാർഗ്ഗരേഖ പ്രകാരം നിശ്ചയിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കേണ്ടതും 2017 — 2018 സാമ്പത്തിക വർഷത്തെ അതേ രീതിയിൽ പ്രവർത്തനം നടത്തേണ്ടതുമാണ്.

ചീഫ് എഞ്ചിനീയർ